**Reg No.............**
**Name.................**

**SECOND YEAR HIGHER SECONDARY**
**SAMPLE QUESTION PAPER**

**Part II** **Time: 2 1/2 Hours**
**Cool-off time 15 Minutes**

# മലയാളം

## (MALAYALAM)

**Maximum 80 Scores**

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് 2 ഉത്തരങ്ങൾ തെരെഞ്ഞെടുത്തെഴുതുക. 2 സ്കോർ വിതം(4 x 2= 8)**

**1. കണ്ണാടി കാൺമോളവും - എന്ന പാഠഭാഗത്തിലെ ദുഷ്യന്തൻ ശകുന്തളയെ അധിക്ഷേപിച്ച വരികൾ എടുത്തെഴുതുക.**

a) കോകില നാരിപോലെ നീ പരഭൃതയല്ലോ.

b) നിന്നുടെ ജന്മത്തേക്കാൾ ശ്രേഷ്ഠം എന്നുടെ ജന്മം

c) മത്തേഭം പാംസുസ്നാനം കൊണ്ടല്ലേ സന്തോഷിപ്പൂ.

d) ധാർഷ്ട്യമെത്രയും പാരമുണ്ടു നാരികൾക്കെന്നു കേട്ടുകേളിയേയുള്ളൂ കണ്ടിട്ടില്ലേവം മുന്നം .

**2. ഗബ്രിയേൽ ഗാർസിയ മാർക്കേസ് എന്ന എഴുത്തുകാരന് യോജിക്കാത്ത പ്രസ്താവനകൾ എടുത്തെഴുതുക.**

a) 'ഗാബോ' എന്ന വിളിപ്പേരിലറിയപ്പെടുന്നു

b). ജ്ഞാനപീഠ ജേതാവ്

c) മാജിക്കൽ റിയലിസം എന്ന രചനാസങ്കേതം ഉപയോഗിക്കുന്നു

d) തനത് നാടക പ്രസ്ഥാനം രൂപപ്പെടുത്തുന്നതിൽ നേതൃത്വം വഹിച്ചു.

**3) ബാഹുകനിൽ കേശിനി കണ്ട സവിശേഷതകൾ എടുത്തെഴുതുക.**

a) തേര് അതിവേഗത്തിൽ പായിക്കുന്നു

b) സാകേതപതിയോട് ബഹുമാനമില്ലാതെ പെരുമാറുന്നു.

c) കേശിനിയോട് പരുഷമായി പെരുമാറുന്നു.

d) വാടിയ പൂക്കളെ വീണ്ടും വിടർത്തുന്നു.

**4) തേങ്ങ എന്ന കവിതയുടെ രണ്ട് സവിശേഷതകൾ എടുത്തെഴുതുക.**

a) അസംബന്ധ കവിത

b) താളാത്മകമായി ചൊല്ലാൻ കഴിയുന്ന കവിത

c) അയുക്തിഹാസ്യത്തിന് കാരണമാകുന്നു

d) വിലാപകാവ്യം

**5) വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ എന്ന ഫീച്ചറിന് ചേരുന്ന പ്രസ്താവനകൾ ഏതൊക്കെ?**

a) വികാരഭരിതമായ വിവരണം

b) വസ്തുതാവിരുദ്ധമായ വിവരണം

c) ക്രിക്കറ്റ് നിയമങ്ങളുടെ വിസ്തൃത വിവരണം

d) ആകർഷമായ തലക്കെട്ട്

**6 ) 'ഉപയോഗിച്ച പഴകിയ ചെമ്പു കലം പോലെ തന്റെ തലച്ചോറിന് തേയ്മാനം വന്നതാകാം.'**

**(കൈയ്യൊപ്പില്ലാത്ത സന്ദേശം)-സൂചന എന്താവാം**

a) തന്റെ ശത്രുക്കളെ പറ്റിയുള്ള ആകുലത

b) പ്രായാധിക്യത്തിന്റെ സൂചന

c) ഓർമ്മക്കുറവ്

d) ഒഴിവാക്കപ്പെടുന്നതിന്റെ ദു:ഖം

**<u>7 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 2 സ്കോർ വീതം. (3 x 2=6)</u>**

7.പരസ്യങ്ങളുടെ ഗുണവശങ്ങൾ വ്യക്തമാക്കുന്ന രണ്ട് സൂചനകൾ എഴുതുക.

8."രാജാവിന്റെ ഇന്ദ്രിയങ്ങൾക്കെല്ലാം പിടിപ്പത് ജോലിയുണ്ട് " - ഈ പ്രസ്താവനയുമായി ബന്ധപ്പെട്ട സന്ദർഭം സൂചിപ്പിക്കുക.

9.കത്തുപാട്ടിന്റെ രണ്ട് സവിശേഷതകൾ കുറിക്കുക.

10. ശ്രീധരന്റെ സ്വഭാവത്തിൽ മാറ്റങ്ങൾ കണ്ടു തുടങ്ങിയത് ഏതുമായി ബന്ധപ്പെട്ടാണ്?

**<u>11 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക 4 സ്കോർ വീതം(5 x 4= 20)</u>**

11.കണ്ണാടി കാൺമോളവും എന്ന പാഠഭാഗത്തിലെ ഏതെങ്കിലും രണ്ട് ലോകോക്തികളുടെ കാലിക പ്രസക്തി വിലയിരുത്തുക.

12. 'വെളിച്ചത്തിനു പിന്നിലെ ചതി ' എന്ന പ്രയോഗത്തിന്റെ ഔചിത്യം പരിശോധിക്കുക.

13.കേശിനി അതിവിദഗ്ധയായ തോഴിയാണ് - ഉദാഹരണ സഹിതം സമർത്ഥിക്കുക.

14. കലാമണ്ഡലം ഹൈദരലിക്ക് കുട്ടിക്കാലത്ത് നേരിടേണ്ടി വന്ന അവഗണനകൾ എന്തൊക്കെയായിരുന്നു.

15. 'അയുക്തി ഹാസ്യത്തെ ജനിപ്പിക്കും.' - തേങ്ങ എന്ന കവിതയുമായി ബന്ധപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക

16.പരമ്പരാഗത മാധ്യമങ്ങളും നവമാധ്യമങ്ങളും എങ്ങിനെയൊക്കെ വ്യത്യാസപ്പെട്ടിരിക്കുന്നു.?

17. 'കമ്പ്യൂട്ടർ തത്വവിചാരങ്ങളുടെ ഘാതകനാണ് '- പാഠഭാഗത്തെ ആസ്പദമാക്കി പരിശോധിക്കുക

**18 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക 6 സ്കോർ വീതം(4 x 6=24)**

18. ഉൽപ്പന്നങ്ങളുടെ ധാരാളിത്തത്തിൽ മുങ്ങിപ്പോകുന്ന ഉപഭോക്താവിന്റെധർമ്മസങ്കടം ആവിഷ്കൃതമാകുന്ന കഥയാണോ 'അവകാശങ്ങളുടെ പ്രശ്നം' - സ്വാഭിപ്രായം രേഖപ്പെടുത്തുക

19. " മേരുവും കടുകുമുള്ളന്തരമുണ്ടു നമ്മിൽ
സാരജ്ഞനല്ലോട്ടുമോർത്തോളം ധാത്രീശ ഭവാൻ "
-കുലടയെന്ന അധിക്ഷേപത്തെ പ്രതിരോധിക്കാൻ ശകുന്തള നടത്തുന്ന ശ്രമമാണോ ഈ വാക്കുകൾ ?, വിശകലനം ചെയ്യുക.

20. അറിവും ചിന്താശേഷിയുമുണ്ടായിട്ടും പ്രതികരിക്കാതിരിക്കുന്ന പൊതുജനത്തിന്റെ പ്രതിനിധിയാണോ ചിന്താരാമൻ ? പ്രതികരിക്കുക.

21. " പുറപ്പെട്ടേടത്താണൊരായിരം കാതമവൾ നടന്നിട്ടും " (സംക്രമണം - ആറ്റൂർ രവിവർമ്മ )
'കൊള്ളിവാക്കല്ലാതൊന്നും ' എന്ന കവിതയിലെ ശീലാവതിയുടെ അവസ്ഥയെ സംക്രമണത്തിലെ സ്ത്രീ അവസ്ഥയുമായി താരതമ്യം ചെയ്യുക.

**താഴെ കൊടുത്ത കവിതാ ഭാഗം വായിച്ച ശേഷം 22 മുതൽ 24 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക (2 സ്കോർ വീതം ) (3x2=6)**

പൂഴി മുറ്റത്തതാ പൂക്കൾ തൂകി
പൂമ്പാറ്റകൾക്കു കുടീരമായി
കാഞ്ചനവെയ്‌ലും നുണച്ചിറക്കി
കാണുമലരിതൻ ചില്ലയിന്മേൽ
നിന്നെയും കാത്തു പതിവുപോലെ
വന്നിരിക്കുന്നുണ്ടിളം കിളികൾ.
പ്രേഷ്ഠമവരോടു യാത്ര ചൊല്ലു
പേച്ചറിയുന്നവർ നിങ്ങൾ തമ്മിൽ
നീ പോയ്പ്പഠിച്ചു വരുമ്പോഴേക്കും
നിങ്ങളന്യോന്യം മറന്നിരിക്കും.
പോയി നാമിത്തിരി വ്യാകരണം
വായിലാക്കീട്ടു വരുന്നു മന്ദം
നാവിൽ നിന്നെപ്പോഴെ പോയിക്കഴിഞ്ഞ
നാനാജഗന്മനോരമ്യ ഭാഷ..
(ഇടശ്ശേരി)

22.പള്ളിക്കൂടത്തിലേക്ക് വീണ്ടും എന്ന ഈ കവിതയ്ക്ക് അനുയോജ്യമായ മറ്റൊരു തലക്കെട്ട് തയ്യാറാക്കുക.

23.മനോരമ്യ ഭാഷയെ ഇല്ലാതാക്കുന്നതെന്താണെന്നാണ് കവി പറയുന്നത്?

24.അലരിയുടെ ചില്ലയിന്മേൽ കാത്തിരിക്കുന്നത് ആരാണ്?

**25 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വീതം (2x 8 = 16)**

25. പരിസ്ഥിതിയും ഗോത്ര സമൂഹവും നിരന്തരം ചർച്ച ചെയ്യുന്ന കാലത്താണ് നാം ജീവിക്കുന്നത്. വെല്ലുവിളികൾ നിറഞ്ഞ സമകാലികാവസ്ഥയിൽ കിരാതവൃത്തം എന്ന കവിതയെ മുൻനിർത്തി ഉപന്യാസം തയ്യാറാക്കുക.

26. പദത്തിന്റെപദത്തിൽ, മാപ്പിളപ്പാട്ടിലെ കേരളീയത എന്നീ രണ്ട് പാഠ ഭാഗങ്ങളെ താരതമ്യം ചെയ്ത്, കല മനുഷ്യസാഹോദര്യത്തിന്റെയും സാംസ്കാരിക സമന്വയത്തിന്റെയും സന്ദേശം വിനിമയം ചെയ്യുന്നതാണെന്ന് വ്യക്തമാക്കി വിലയിരുത്തൽ തയ്യാറാക്കുക

27. "പെണ്ണുങ്ങളെക്കൊണ്ട് എന്തൊക്കെ സാധിക്കുമെന്നും എനിക്കറിയേണ്ടതുണ്ട് " - ഇങ്ങനെ പറഞ്ഞു കൊണ്ടാണ് ആൺഗൗളിയുടെ ജീവിതത്തിൽ നിന്ന് പെൺഗൗളി അപ്രത്യക്ഷമാകുന്നത്. - -പുതിയ കാലത്തെ സ്ത്രീയുടെ പ്രതിരോധത്തിന്റെ കഥയാണ് ഗൗളീജന്മം . - നിലപാട് വ്യക്തമാക്കി ഉപന്യസിക്കുക

---------------

BLUE PRINT

| No | Unit | Question pattern | | | | Total | |
|---|---|---|---|---|---|---|---|
| | | Objective | | Descriptive | | | |
| | | No. of Questions | Score | No. of Questions | Score | No. of Questions | Score |
| 1 | എഴുത്തകം | 3 | 6 | 5 | 28 | 8 | 34 |
| 2 | തനതിടം | 3 | 6 | 3 | 22 | 6 | 28 |
| 3 | ദർപ്പണം | 1 | 2 | 3 | 18 | 4 | 20 |
| 4 | മാധ്യമം | 3 | 6 | 2 | 8 | 5 | 14 |
| 5 | അവധാരണം | 3 | 6 | | | | 6 |
| 6 | | | | | | | |
| 7 | | | | | | | |
| 8 | | | | | | | |
| 9 | | | | | | | |
| 10 | | | | | | | |
| 11 | | | | | | | |
| 12 | | | | | | | |
| 13 | | | | | | | |
| 14 | | | | | | | |

Note: Number in the brackets denotes choice

---

**തലശ്ശേരി ക്ലസ്റ്റർ**

**മലയാളം**

**ചോദ്യപേപ്പർ തയ്യാറാക്കിയവർ**

1 .സിദ്ദിഖ് .എം (NAMHSS-Peringathur)

2.സിഷ.കെ (PRMHSS-Kolavaloor)

3.ഷീബ കെ .വി (AKG.Memorial HSS-Pinarayi)

4.ജീജാഭായി .പി .ജി (KKVMPHSS-Panoor)

5.ബിജിമോൾ എം (AKGMGHSS-Pinarayi)

6.നൗഷിഖ് .എൻ (MMHSS-Thalassery)

7.ഡോ .ടി .അനിൽകുമാർ (GGHSS-Thalassery)

------------